# മലങ്കര വിയോജിതൻ.

## THE MALABAR SEPARATIST.

വാല്യം 3. | 1099 ചിങ്ങം. | ലക്കം 1.


### മംഗളം.

നിന്ദന്തു നീതിനിപുണാഃ യദിവാ സ്തുവന്തു
ലക്ഷ്മീഃ സമാവിശതു ഗച്ഛതു വാ യഥേഷ്ടം
അദ്യൈവ വാ മരണമസ്തു യുഗാന്തരേ വാ
ന്യായ്യാൽപഥഃ പ്രവിചലന്തി പദം ന ധീരാഃ.

### പ്രസ്താവന.

മലങ്കരവിയോജിതൻ എന്ന നാമധേയത്തോടുകൂടിയ ഈ മാസികയുടെ രണ്ടാംവാല്യം അവസാനിച്ചിരിക്കയാണല്ലൊ. തൃതീയാബ്ദസോപാനത്തിൽ കാലു കുത്തുവാൻ ആരംഭിച്ചിരിക്കുന്ന ഈ മാസിക കഴിഞ്ഞ രണ്ടു വർഷങ്ങളിൽ വായനക്കാരുടെ അമിതമായ പ്രീതിക്കു പാത്രീഭവിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഇതുവരെ ദ്വൈമാസികയായി നടന്നുവന്ന ഈ പത്രഗ്രന്ഥം ഈയാണ്ടു ചിങ്ങം മുതൽ സാക്ഷാൽ മാസികയായിത്തന്നെ പ്രസിദ്ധീകരിക്കണമെന്നാണ് ഞങ്ങളുടെ ആലോചന. പത്രവരിയിൽ നാലണകൂടി ഈയാണ്ടത്തെ വരിസംഖ്യ ഒരു രൂപ ആക്കിയിരിക്കുന്നു. ഈ സംഖ്യ മുൻകൂർ അയച്ചുതരണമോ അടുത്ത ലക്കം വി. പി. അയപ്പാൻ സമ്മതിച്ചോ അപേക്ഷിക്കുന്നവർക്കല്ലാതെ മാസിക അയച്ചുകൊടുക്കുന്നതല്ല. കഴിഞ്ഞ ആണ്ടുകളിൽ യഥാവസരം പത്രവരി അയച്ചുതന്നു ഞങ്ങളെ സഹായിച്ചിട്ടുള്ള സഹൃദയന്മാർക്കു വന്ദനം പറഞ്ഞുകൊണ്ടും ശോഭനമായ ഈ [illegible]

ണ്ടി ദൈവത്തെ സ്തുതിച്ചുകൊണ്ടും മൂന്നാംപുസ്തകത്തിന്റെ അദ്ധ്യക്ഷം ക്രൈസ്തവസഭാമണ്ഡലത്തിൽ അവതരിപ്പിച്ചുകൊള്ളുന്നു.

സി. ഐ. കുഞ്ഞിക്കു,
പ്രസാധകൻ.

# തിരുവെഴുത്തുകളെ ശോധന ചെയ്യിൻ.

പ്രസംഗികളുടെ പ്രഭുവായ സ്പർജൻ 1888 ജനുവരി 17–ാംനു-
ഞായറാഴ്ച രാവിലെ റോയൽ സറെ ഗാർഡൻസ്,
മ്യൂസിക്കുഹാളിൽ വച്ചു ചെയ്ത പ്രസംഗം.

"ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ! അവർ ഈ വാക്കുപോലെ പറയുന്നില്ലയെങ്കിൽ അവൎക്കു അരുണോദയം ഉണ്ടാകയില്ല" യശയ്യാ. 8: 20.

ദൈവത്തിൽനിന്നു മനുഷ്യർ പഠിക്കാതിരിക്കുമ്പോൾ അവരുടെ ദോഷത്വം വൎദ്ധിച്ചുവരികയത്രെ ചെയ്യുന്നതു്. മേലിൽനിന്നുള്ള ജ്ഞാനത്തെ അവർ നിന്ദിച്ചുകളയുന്നെങ്കിൽ തങ്ങളുടെ ദോഷത്വത്തെ സ്പഷ്ടമാക്കുന്നതിനു ദൈവം ധാരാളം അവരെ അനുവദിക്കുന്നു. അത്യുന്നതനായ ദൈവത്തിന്റെ മുമ്പാകെ മനുഷ്യൻ മുട്ടു മടക്കാതിരിക്കുമ്പോൾ അവൻ കല്ലുകൊണ്ടോ മരംകൊണ്ടോ ഒരു പ്രതിമ നിൎമ്മിക്കയും തന്റെ സ്വന്തകൈവേലയുടെ മുമ്പാകെ താണു വണങ്ങുകയും ചെയ്യുന്നു. മനുഷ്യർ ദൈവസൃഷ്ടിയെക്കുറിച്ചുള്ള വേദസാക്ഷ്യം കൈക്കൊള്ളുന്നതിനു മനസ്സില്ലാത്തവരായിരിക്കുമ്പോൾ ബൈബിളിന്മേൽ തങ്ങൾ ചുമത്തിയ ആക്ഷേപാഭിപ്രായത്തേക്കാൾ ആയിരം മടങ്ങു ഹാസ്യതരമായ അഭിപ്രായങ്ങളെ രൂപീകരിക്കുന്നതിനു് അവർ തുടങ്ങുന്നു. കാരണം തന്റെ പ്രഖ്യാപനത്തെ നിഷേധിക്കയാൽ ദൈവം അവരെ മറ്റൊന്നിനായി തപ്പിനടക്കുമാറാക്കുകയും ഒടുവിൽ തങ്ങൾ ഒഴികെ സുബുദ്ധിയുള്ള ഏതു മനുഷ്യനും പൊട്ടിച്ചിരിക്കത്തക്ക സംബന്ധമായുള്ള അഭിപ്രായങ്ങളിലേക്കു് അവരെ വിടുകയും ചെയ്യുന്നു. ഹാ! എന്റെ സ്നേഹിതന്മാരേ! വെളിപ്പെട്ടുത്തപ്പെട്ട വചനം വിട്ടിട്ടു് അവർ എവിടേക്കു പോകയാണു് ചെയ്യുന്നതു്? യശയ്യാവിന്റെ കാലത്തു് അവർ അന്യയിടങ്ങളിലേക്കു പോയതായി അൎത്ഥാൽ വെളിച്ചപ്പാടന്മാരോടു് അവർ ചോദിപ്പാൻ പോയതായി 19–ാം വാക്യത്തിൽ കാണുന്നു. അതെ, ജീവിച്ചിരിക്കുന്നവരുടെ കാൎയ്യങ്ങൾ അറിവാൻ മരിച്ചവരുടെ ഇടയിൽ അവർ അന്വേഷിക്കയും, അഞ്ജനവിദ്യക്കാരാൽ അവർ വഞ്ചിതരായിതീരുകയും ചെയ്തു. വിശ്വാസത്തിൽ കൊള്ളരുതാത്ത ആളുകൾ വിശ്വാസശീലരത്രെ അഥവാ അന്ധവിശ്വാസത്തിനു കീൎത്തി-

ല്പെട്ടവരായി തീരുന്നതു് അത്ഭുതംതന്നെ. തന്റെ ജനനം മു
ലെ ഒരു സ്വതന്ത്രവിചാരകനെന്നു തന്നെത്താൻ അഭിമാനി
ന്ന ലോകത്തിലുള്ള ഏറ്റവും വലിയ അവിശ്വാസികളിൽ ഒ
വൻ ഒരു കുഞ്ഞിനുകൂടി ബന്ധിക്കാവുന്ന വെറും അബദ്ധ
ളെ വിശ്വസിച്ചുകൊണ്ടു തന്റെ ശവക്കുഴിയിലേക്കു മന്ദമ
ഗമിച്ചുകൊണ്ടിരിക്കുന്നതായി കാണാവുന്നതാണ്. ദൈവത്തെ
തങ്ങളുടെ ഹൃദയത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാതെ ജീവനുള്ള
വെള്ളത്തിന്റെ ഉറവയായവനെ വിട്ടുകളഞ്ഞു വെള്ളം നില
ക്കാത്ത പൊട്ടക്കിണറുകളെ അവർ തങ്ങൾക്കായിട്ടു വെട്ടി. പു
പുരാതനമായ നല്ല വഴിയെ ഉപേക്ഷിക്കയോ ദൈവം നമുക്കായ
ഒരുക്കിയിരിക്കുന്ന പദ്ധതിയെ വിട്ടുകളകയോ ചെയ്യാതിരിക്കേ
ക്കവണ്ണം നമ്മിൽ ഓരോരുത്തരും അധികം ജ്ഞാനികളായിരുന്നെ
ങ്കിൽ കൊള്ളായിരുന്നു. നാം നമ്മുടെ തെറ്റിക്കൂടാത്ത പിതാ
വിന്റെ നടത്തിപ്പിനെ നിഷേധിക്കുന്നെങ്കിൽ മുള്ളുകളുടെയും
പാറക്കാരകളുടെയും ഇടയിൽകൂടി നടക്കുകയും അതിനാൽ നമ്മു
ടെ സ്വന്തമാംസം കീറുകയും തദ്ധികമായി ഇരുട്ടുമലകളുടെ മ
ധ്യേ നാം വീഴുകയും അവയുടെ പിളർപ്പുകളിൽ നാം നശിച്ചു
പോകയും ചെയ്യും. ദൈവവചനത്തിൽ അന്വേഷിച്ചു വായിപ്പി
ൻ. വേദവാക്യങ്ങളെ ശോധന ചെയ്വിൻ. കാരണം, അവയി
ൽ നിത്യജീവനുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നു. ഇവകൾ യേ
ശുക്രിസ്തുവിനെ സാക്ഷിപ്പെടുത്തുന്നവയാകുന്നു.

മതസംബന്ധമായ പല കുഴച്ചിലുകളുള്ള ഈ സന്ദർഭത്തിൽ സത്യോപദേശത്തെ അഥവാ ദൈവവചനത്തെ പിടിച്ചുകൊള്ളുന്നതിനു് ഓരോ ക്രിസ്തീയശുശ്രൂഷകനും തന്റെ ജനങ്ങളെ നിർബന്ധിക്കേണ്ടതാകുന്നുവെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ പ്രസംഗത്തിനുള്ള കാലമായിട്ടാണ് കാണപ്പെടുന്നതു്. പ്രസംഗിക്കപ്പെടുന്ന ദൈവവചനത്തെ ശ്രവിക്കുന്നതിനു ശാലകളിലും സഭാമന്ദിരങ്ങളിലും ജനങ്ങൾ തിങ്ങിക്കൂടുന്നു. ഇതു് ഒരു ഉണർവുകാലമെന്നു വിചാരിച്ചുകൂടാ. കാരണം, സത്യവിശ്വാസികൾ മാത്രമല്ല ഈമാതിരി പ്രസംഗങ്ങൾ നടത്തുന്നതു്. പിന്നെയോ, പ്രൊട്ടസ്റ്റന്റുസഭയുടെ പുരാതനവിശ്വാസത്തിൽനിന്നു വീണുപോയിട്ടുള്ളവർകൂടിയും പ്രസംഗപരിശ്രമം ചെയ്യുന്നുണ്ടു്. എങ്ങനെയെന്നാൽ കുറച്ചു വാക്പാടവവും അല്പം സംസാരിപ്പാനുള്ള വരവും ഒരുവനുണ്ടായിരുന്നാൽ ജനങ്ങൾ അവനാൽ ആകർഷിക്കപ്പെടുകയും തനിക്കു തോന്നിയവണ്ണം അവൻ പ്രസംഗിക്കയും ചെയ്യും. പക്ഷേ, ദൈവവചനം സത്യമായിരിക്കുന്നതുപോലെ അവന്റെ വാക്കുകൾ വ്യാജമായിരിക്കയും നരകം സ്വർഗ്ഗത്തിനു് എതിരായിരിക്കുന്നതുപോലെ അതു സുവിശേഷത്തിനു് എതിരായിരിക്കയും ചെയ്യും. ഇക്കാലത്തു് അങ്ങനെയുള്ള ഒരുവ

ലഭിക്കുമെന്നുള്ളതിനു തക്കമുണ്ടോ?
നു ധാരാളം കേൾവിക്കാരെ
ഇക്കൂട്ടരുടെ കള്ളത്തരം പ്രത്യക്ഷമായിരുന്നാലും അവരുടെ യാഥാ
ത്ഥ്യത്തെ പരസ്യം ചെയ്യുന്നതു വിഷമമായി നാം കാണുന്നു.
ഇപ്പോൾ വേർപാടുകാരനും സമുദായക്കാരനും (Dissenter and
Churchman) ഗാഢമായ മൈത്രിയിൽ അന്യോന്യം രഞ്ജിച്ചി
രിക്കുന്നു. ഇരുനിമിത്തം മതവൈരാഗ്യത്തേക്കാൾ (Bigotry)
ഭയപ്പെടേണ്ടതായ മതസന്ധിയുടെ (Latitudinarianism) ഫലം
ഇപ്പോൾ അത്ര ഭയപ്രദമല്ലെന്നു പനിവിക്കുന്നു. ഇപ്പോൾ കാവ
ൽശാസ്ത്രത്തിൽ ഉണർന്നിരുന്നു സൂക്ഷിക്കേണ്ട ആവശ്യം നമുക്ക
ണ്ടു. കാരണം സുവിശേഷസഭകളുടെ പരസ്പരസഖ്യം പ്രസം
ഗിക്കപ്പെടുന്ന ഈ ശുഭകാലത്തു അതിന്റെ വ്യാജവേഷധാരി
യായ ഒരു സന്തതി നമ്മുടെ ഇടയിൽ സൃജിവിതത്തെ (പുണ്യ
ത്തെ) ഉപദേശിക്കുന്നവരും അതേസമയത്തു നാം ഹൃദയപൂർവം
കറാം വിധിക്കുന്ന ഉപദേശങ്ങളെ പറയുന്നവരുമായിരിക്കും.
ഈദ്ദേശ്യങ്ങളിൽ ഒരു ശുശ്രൂഷകനു കൊടുക്കാവുന്ന അധികം
നല്ല ഉപദേശമേതാണ്? തന്റെ ശ്രോതാക്കളുടെ ശ്രദ്ധയെ ഏ
തു ഗ്രന്ഥത്തിലേക്കാണ് അവനു തിരിച്ചുവിടുവാൻ കഴിയുന്നതു? പാ
അവരെ സ്ഥിരബുദ്ധികളായി എങ്ങനെ അവനു സൂക്ഷിക്കാം? പാ
രമേൽ അവക്കു ഇട്ടുവാനുള്ള നങ്കൂരം എവിടെ നിന്നു കിട്ടും?
അഥവാ അവർ നങ്കൂരം ഇട്ടുവാനുള്ള ഏതു പാറയെ അവൻ
ചൂണ്ടിക്കാണിക്കും? ഈ ചോദ്യങ്ങളുടെയെല്ലാം മറുപടിയത്രെ ന
മ്മുടെ പ്രസംഗവാക്യം. "ഉപദേശത്തിനും സാക്ഷ്യത്തിനും വരു
വിൻ. അവർ ഈ വാക്കുപോലെ പറയുന്നില്ലയെങ്കിൽ അവക്കു
അരുണോദയമുണ്ടാകയില്ല."

നാം അന്ധമായ പ്രാധാന്യം കൊടുത്തുകൊണ്ടിരിക്കുന്ന ചില
സംഗതികളിലേക്കു നിങ്ങളുടെ ഹൃദയങ്ങളെ നയിക്കുന്നതിനു
ഉപദേശത്തിലേക്കും സാ
ക്ഷ്യത്തിലേക്കും നാം വരുമ്പോൾ ഇവയുടെ പ്രാധാന്യത്തിന്റെ പ
അത്യമായി ഞാൻ ശ്രമിക്കുന്നതാണ്.
ഷ തെളിയാതിരിക്കയില്ല.

രണ്ടാമതു, നിങ്ങൾ കേൾക്കുന്നതും വിശ്വസിക്കുന്നതുമെല്ലാം
ഉപദേശത്തിലേക്കും സാക്ഷ്യത്തിലേക്കും നിർബന്ധമായി കൊ
ണ്ടുവരുന്നപക്ഷം അതിനാലുളവാകുന്ന സൽഫലങ്ങളെ ചൂണ്ടി
ക്കാണിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

എല്ലാവറെറയും ഈ വിശുദ്ധ ഉരകല്ലിങ്കലേക്കു കൊണ്ടുവ
രണമെന്നുള്ളതിനു ശക്തിമത്തായ ചില ന്യായങ്ങൾ ഞാൻ മൂന്നാ
മതു തരുന്നതാണ്. ഇതിനോടു അനുബന്ധിച്ചു പാഠമാത്രമായും
പ്രയോജനകരമായുമുള്ള വിധത്തിൽ ഈ പരിശോധന നടത്തു
ന്നതിനെ സംബന്ധിച്ചു ഒരു ചെറിയ ഉണർവദോഷവും നൽകുന്ന
താകുന്നു.

# തിരുവെഴുത്തുകളെ ശോധനചെയ്‌വിൻ

I. ആദ്യമായി പറഞ്ഞതുപോലെ ഏതാനും ചില സംഗതികളെ ഉപദേശത്തിലേക്കും സാക്ഷ്യത്തിലേക്കും കൊണ്ടുവരുന്നതിനു നിങ്ങളെ നിർബന്ധിക്കാൻ എന്നെ ഈ പ്രഥമഭാഗത്തു അനുവദിപ്പിൻ.

1. നിങ്ങളുടെ ചെറുപ്പം മുതൽക്കുള്ള പരിചയത്താൽ നിങ്ങളിൽ ഉരുവായി വന്നിരിക്കുന്ന അഭിപ്രായങ്ങളെ ദൈവപുസ്തകത്തിന്റെ പരിശോധനയിലേക്കു കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ആംഗ്ലിയസഭയിൽ ജനിച്ചവനല്ലയോ? അതുകൊണ്ടു ഞാൻ അതിൽ തന്നെ നിൽക്കേണ്ടതാണ്. അല്ലാത്തപക്ഷം എന്റെ വലിയമ്മ ഒരു നിർജ്ജനമതക്കാരിയായിരുന്നില്ലേ? അതിനാൽ ഞാൻ ബാപ്റ്റിസ്റ്റ് സംഘത്തിൽ നിൽക്കേണ്ടതാണ്. എന്നിങ്ങനെ ജനങ്ങൾ സാധാരണ പറക പതിവാകുന്നു. മാനനീയരും ഭക്തിയുള്ളവരുമായ നിങ്ങളുടെ സംബന്ധികളെക്കുറിച്ച് എന്തെങ്കിലും പറയുകയോ അവരുടെ ഉപദേശങ്ങളെ നിങ്ങൾ അനാദരിക്കണമെന്നു നിങ്ങളോടു കല്പിക്കയോ ചെയ്യുന്നതിൽനിന്നു ദൈവം എന്നെ തടയട്ടെ. അവരുടെ ഉപദേശം നമുക്കു സ്വീകരിപ്പാൻ കഴിയാത്ത വിധത്തിൽ ഇരുന്നാലും അതിനെ നൽകുന്നവരുടെ നിമിത്തം ആ ഉപദേശത്തെ നാം എല്ലായ്പോഴും ആദരിക്കുന്നു. കാരണം അതു യഥാർത്ഥത്തിൽ തെറ്റായിരുന്നാലും നല്ല ഉദ്ദേശത്തോടുകൂടിയാണ് നമുക്കു നൽകപ്പെട്ടതു എന്നത്രെ നമ്മുടെ അറിവ്. എങ്കിലും ശിശുക്കളായിരിക്കുമ്പോൾ നമ്മുടെ പരിപോഷണത്തിനായി നൽകപ്പെട്ട ഉപദേശങ്ങളാൽ അല്ല ഇനിമേൽ നാം പോഷിപ്പിക്കപ്പെടേണ്ടതു എന്നത്രെ പ്രൗഢപ്രായത്തിൽ എത്തിയിരിക്കുന്ന നമ്മുടെ വാദം. നാം സ്വീകരിച്ചതും കേട്ടതുമായ സംഗതികൾ വിശുദ്ധപുസ്തകപ്രകാരമുള്ളവതന്നെയോ എന്നു വിചാരണ ചെയ്‌വാനുള്ള അവകാശം നമുക്കുണ്ടെന്നു നാം വാദിക്കുന്നു. നമ്മുടെ പരിശീലനത്തിൽ തെറ്റായിട്ടെന്തെങ്കിലുമുണ്ടെന്നു നാം കണ്ടുപിടിച്ചു തന്നിമിത്തം നമ്മുടെ കുടുംബങ്ങളിൽനിന്നു പുറത്തിറങ്ങി നമ്മുടെ മാതാപിതാക്കന്മാർ നിന്നുവന്നതിൽനിന്നു വ്യത്യസ്തമായ അഭിപ്രായങ്ങളോടുകൂടിയ ഒരു സംഘത്തോടു യോജിക്കുന്നതിനാൽ സ്വാഭാവികസ്നേഹത്തിന്റെ ഒരു പ്രമാണത്തെ ലംഘിക്കുന്നതായി നാം വിചാരിക്കരുതാത്തതാകുന്നു. ദൈവം ഓരോരുത്തനും അവനവന്റെ കഴുത്തിനുമേൽ ഓരോ തല കൊടുത്തിട്ടുണ്ടെന്നുള്ളതു നാം ഓർക്കേണ്ടതാണ്. അപ്പന്റെ തലയല്ല, ഓരോരുത്തനും തനിക്കു നൽകപ്പെട്ട തലയെ ഉപയോഗിപ്പാൻ കടപ്പെട്ടിരിക്കുന്നു. അപ്പനു ദൈവം ആലോചനാശക്തി കൊടുത്തിട്ടുണ്ട്. അതു നല്ലതു തന്നെ. അതുകൊണ്ടു അദ്ദേഹത്തിനു വേണ്ടതു അദ്ദേഹം ആലോചിച്ചു. എന്നാൽ ആ ദൈവം തന്നെ നിനക്കും ആലോചനാശക്തി തന്നിരിക്കുന്നു.

അതുപോലെ നിനക്കു വേണ്ടതിനെ നീയും ആലോചിക്ക. നിന്റെ ചെറുപ്പത്തിൽ നിനക്കു ലഭിച്ചതിനെക്കുറിച്ചു നീ താഴെ വരുന്നപ്രകാരം പറക. എനിക്കു ലഭിച്ചതു ഞാൻ പെട്ടെന്നു വിട്ടുകളകയില്ല. കാരണം അതു സത്യമായിരിക്കാം. അപ്പോഴും തന്നെ ഞാൻ കണ്ണടച്ചുകൊണ്ട് അതിനെ വാങ്ങുകയുമില്ല. എന്തെന്നാൽ അതു കള്ളനാണയമെന്നും വരാം. ഞാൻ, ഇനിയും വേദപുസ്തകം പരിശോധിക്കും. കഴിയുന്നിടത്തോളം മുൻവിധി കൂടാതിരിപ്പാൻ ഞാൻ നോക്കും. ആരെങ്കിലും പ്രസംഗിച്ചിട്ടുള്ളതിനെയോ മാതാപിതാക്കന്മാർ പറഞ്ഞിട്ടുള്ളതിനെയോ ഉള്ള ഓർമ്മകൂടാതെ തന്നെ ഞാൻ വേദപുസ്തകം പരിശോധിക്കും. ദൈവം പറയുന്നതു് എന്തോ അതു കണ്ടുപിടിപ്പാൻ ഞാൻ ശ്രമിക്കും. അതു് ഇന്നതായിരിക്കണമെന്നില്ല. എന്തെങ്കിലുമായിരുന്നുകൊള്ളട്ടെ. ഞാൻ അതിനെ വിശ്വസിക്കയും അംഗീകരിക്കയും ചെയ്യും.

2. സുവിശേഷപ്രസംഗികളെ ഈ പരിശോധനയിലേക്കു കൊണ്ടുവരാം. നമ്മിൽ വളരെ ചുരുക്കമാളുകൾക്കു മാത്രമേ സുവിശേഷമെന്തെന്നറിഞ്ഞുകൂടൂ. "അഭിപ്രായഭേദംകൊണ്ട് ആരെയും വിധിക്കരുതു. എല്ലാ അഭിപ്രായക്കാരും സ്വീകാര്യന്മാർതന്നെ" എന്നാണ് പൊതുജനങ്ങളുടെ മതം. ഇതു് അർത്ഥശൂന്യമായ ഒരു വിചാരമാണെങ്കിലും ജനസാമാന്യത്തിന്റെ അഭിപ്രായം ഇതുതന്നെയാണ്. നിത്യശിക്ഷാമുൻനിശ്ചയവാദിയായ ഒരു കാൽവിൻമതപ്രസംഗിയെ അവർ കേട്ടുകൊണ്ടിരുന്നാൽ അയാളുടെ ഉപദേശത്തെ പൂർണ്ണമായി അവർ വിശ്വസിക്കുന്നു. പിറ്റെദിവസം ഒരു അർമീനിയനെ കേൾക്കുന്നതായാൽ ലോകത്തിന്റെ പൊതുവീണ്ടെടുപ്പും സ്വതന്ത്രചിന്തനത്തിന്റെ ആവശ്യകതയും അവർ ഉടനടി വിശ്വസിക്കുന്നു. അനന്തരം മനുഷ്യൻ സ്വതേ നാശത്തിൽ കിടക്കുകയാണെന്നും ദൈവത്തിൽ മാത്രമേ അവനു സഹായം കണ്ടെത്തുവാൻ കഴികയുള്ളുവെന്നും ഒരു യഥാർത്ഥകാൽവിന്യൻ പ്രസംഗിച്ചുകേൾക്കുമ്പോൾ പക്ഷെ ആദ്യമായിട്ട് അവൻ പറയുന്നതു വിപരീതമെന്നു തോന്നുകയും വീണ്ടും അവനിൽനിന്നു കേൾക്കുമ്പോൾ അവൻ പറയുന്നതു ഗ്രഹിച്ചില്ല, പ്രത്യുത അവന്റെ പറച്ചിലിന്റെ രീതികൊണ്ടും അവന്റെ ഭാവരസംകൊണ്ടും അവയുടെ വൈപരീത്യങ്ങളെല്ലാം തീർന്ന് അവനോടു യോജിച്ചുപോകയും ചെയ്യുന്നു. ശലോമോന്റെ പാട്ടുകളെ അധികരിച്ച് ഒരു മധുരകൃതി എഴുതിയിട്ടുള്ള മിസ്റ്റർ ഡറാം എന്ന വിദ്വാനെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലത്തു ഞാൻ ജീവിച്ചിരുന്നുവെങ്കിൽ മററാരുടേയും പ്രസംഗം കേൾക്കാൻ പോകാതെ രാപ്പകൽ അദ്ദേഹത്തിന്റെ അടുത്തുതന്നെയിരുന്ന് അദ്ദേഹത്തിന്റെ മധുരാധരങ്ങളിൽനിന്നു പൊഴിയുന്ന തേൻതുള്ളികളെ പരിഗ്രഹിക്കുമായിരുന്നുവെ

ന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ കാലത്തു തന്നെ ഇപ്പോൾ ഞാൻ പേർ ഓർമ്മിക്കുന്നില്ലാത്ത വാചാലനായ ഒരു യുവപ്രാസംഗികനുണ്ടായിരുന്നു. അയാളുടെ പള്ളിയിൽ തിങ്ങി ആളുണ്ടായിരിക്കയും മിസ്റ്റർ ഡഗാമിന്റെ സഭാമന്ദിരം മിക്കവാറും ഒഴിഞ്ഞുകിടക്കയും ചെയ്തു. പ്രാസംഗികൻ പറയുന്നതെന്താണെന്നല്ലാ, പറയുന്നതെങ്ങനെ ആണെന്നാണ് പുരുഷാരത്തിന്റെ അന്വേഷണം. ഈ കാരണത്താലാണ് അദ്ദേഹത്തിന്റെ കെട്ടിടം ജനവിരളമായിരുന്നതു്. പറയുന്നതു കള്ളമായിരുന്നാലും ചുണയായും ഭംഗിയായും ശക്തിയായും പറഞ്ഞാൽ ജനങ്ങൾക്കു അതു മതി. മറിച്ചായിരുന്നാൽ പ്രാസംഗികൻ പറയുന്നതു സത്യംതന്നെ ആയിരുന്നാലും അവർക്കു സ്വീകാര്യമല്ലാ. എന്നാൽ പ്രായമായ ക്രിസ്ത്യാനി ഒരുവൻ എങ്ങനെ പറയുന്നു എന്നല്ല നോക്കുന്നതു്. അവന്റെ ചോദ്യമെല്ലാം അയാൾ സത്യം സംസാരിച്ചുവോ എന്നാണ്. ധാന്യത്തെ അത്രെ അവൻ പിടിച്ചുകൊള്ളുന്നതു്. വൈക്കോലിനെ അവൻ വിട്ടുകളയുന്നു. സഭയുടെ മോടിയാടികളെയോ ഭജനത്തിന്റെ പണിവിശേഷത്തെയോ അവൻ ഗണിക്കുന്നില്ല; തന്റെ വയറു നിറയാൻ തക്ക ഭക്ഷണം കിട്ടുമോ എന്നത്രെ അവൻ നോക്കുന്നതു്.

പ്രിയസ്നേഹിതരേ! ഞാൻ പ്രസംഗപീഠത്തിൽ കയറുമ്പോൾ എന്നെ വിശ്വസിക്കണമെന്നല്ലാ കേൾക്കണമെന്നത്രെ നിങ്ങളോടു ആവശ്യപ്പെടുന്നതു്. ഞാൻ സംസാരിക്കുന്ന വാക്കുകൾ ഈ വിശുദ്ധപുസ്തകപ്രകാരമല്ലെങ്കിൽ എന്നെ വിശ്വസിപ്പാൻ നിങ്ങൾക്കു ചുമതലയില്ലെന്നു ഞാൻ സമ്മതിച്ചു പറഞ്ഞുകൊള്ളുന്നു. നമ്മുക്കോരോരുത്തർക്കും ഉപദേശത്തിനും സാക്ഷ്യത്തിനും നേരെ അടുത്തുചെല്ലാം. ഈ വചനത്തിനു വിപരീതമായി എന്റെ പ്രസംഗത്തിൽ വല്ലതുമുണ്ടെങ്കിൽ അതിനെ ചേററിൽ തള്ളിയിടുകയും അതിന്മേൽ ചവിട്ടുകയും അതിനെ തുപ്പി നിഷിദ്ധമാക്കുകയും ചെയ്വിൻ. ഞാൻ പറയുന്നതല്ലാ ദൈവം പറയുന്നതത്രെ നിങ്ങൾ അംഗീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്. എന്നെയും എന്റെ എല്ലാ സഹോദരന്മാരെയും അരിപ്പക്കുട്ടയിൽ ഇടുവിൻ. ഞങ്ങൾ ഓരോരുത്തരും തീയിൽ ഉരുകട്ടെ. ഞങ്ങളെ സത്യത്തിന്റെ മൂശയിൽ വച്ചു പരിശോധിപ്പിൻ. ദൈവവചനത്തിന്നനുസാരമല്ലാത്തതിനെ അഗ്നി ഭക്ഷിച്ചുകളകയാണ് വേണ്ടതു്.

3. വേറൊരുതരം ആളുകൾ ഉണ്ടു്. അവർ മേല്പറഞ്ഞ തരത്തിലുള്ളവരല്ല. ഇവർ തങ്ങൾക്കു തങ്ങൾ തന്നെ പ്രാസംഗികന്മാരാകുന്നു. തങ്ങളെയല്ലാതെ വേറെ ആരെയും അവർ വിശ്വസിക്കുന്നില്ല. പാപ്പയെ വെറുക്കുന്നെങ്കിലും അവർ തങ്ങൾക്കു തങ്ങൾ തന്നെ അവർ പാപ്പകളാകുന്നു. ഇവർ ഒരു സംഗതി കേ

ട്ടാൽ വേദപുസ്തകംകൊണ്ട് അതിനു വിധി പറയുന്നില്ല. തങ്ങളു
ടെ വിചാരം സത്യമായിരുന്നെ മതിയാവൂ എന്നവർ ശഠിക്കുന്നു.
ഞാൻ ഒരാളിനെക്കുറിച്ചു കേട്ടിട്ടുണ്ട്. അയാൾ തിരഞ്ഞെടുപ്പി
നെക്കുറിച്ചും, അളംപ്രാപിയുള്ള വീണ്ടെടുപ്പിനെക്കുറിച്ചും, "അ
ഉപദേശം എനിക്കു പിടിക്കുന്നില്ല; എനിക്ക് അതിനോട് യോജ്യ
മില്ല" എന്നു പറക പതിവാണ്. ഇങ്ങനെ പറഞ്ഞ തന്റെ അ
ടകല്പിതങ്ങൾ വെച്ചുപിടിച്ചുണ്ടാക്കിയ എതിർവാദവും എടുത്തുകൊണ്ടു
വരുവാൻ അയാൾ തുടങ്ങുന്നു. തന്റെ ഭാഗത്തേക്ക് ഒരൊററ
വേദവാക്യമെങ്കിലും ഉദ്ധരിപ്പാൻ അയാൾ ശ്രമിക്കുന്നില്ല. താൻ
പിടിച്ചതു സത്യമായിരുന്നെ മതിയാവൂ എന്ന ഭാവത്തിൽ എന്റെ
വ്യാപനത്തെ വിധിച്ചുകളയുന്നു. ഒരാൾ ഒരു ജ്യോതിഷ്യകനോ
ടു താഴെ വരുന്നപ്രകാരം പറഞ്ഞു എന്നിരിക്കട്ടെ. "വൃശ്ചികരാ
ശി ഇന്നരൂപത്തിലാണിരിക്കേണ്ടതു്. അതു നിങ്ങൾ വരച്ചുകാണി
ച്ച വിധത്തിലല്ല. ഈ നക്ഷത്രം അവിടെയല്ല, ഇവിടെയാണ വ
രേണ്ടതു്; എങ്കിൽ മാത്രമെ ശരിയായിരിക്കയുള്ളൂ." ഇതിനു
ജ്യോതിഷികന്റെ മറുപടി എന്തായിരിക്കും. അയാൾ ചിരിച്ചു
കൊണ്ട് ഇങ്ങനെ പറയും. "നിങ്ങളുടെ അഭിപ്രായം അപ്രകാ
രമല്ലെന്നു ഞാൻ കാണുന്നു. കാരണം അതിനു യഥാർത്ഥങ്ങളെ
ഭേദപ്പെടുത്തുവാൻ കഴികയില്ല. ഞാൻ തെററിപ്പോയി എന്നു നി
ങ്ങൾക്ക് അഭിപ്രായമുണ്ടെങ്കിൽ അതു തെളിയിപ്പാനുള്ള ശരിയാ
യ മാർഗ്ഗം കേവലം ഇങ്ങനെ പറകയല്ല. പിന്നെയോ ദൂരദർശിനി
യെടുത്തു നക്ഷത്രരാശിയെനിക്കു കാണിച്ചുതരികയാണ് വേണ്ട
തു്." വേദസത്യങ്ങളുടെ സംഗതിയും ഇതുപോലെയത്രെ. അ
ഉപദേശം എനിക്കിഷ്ടമല്ല എന്നു സാധാരണ ജനങ്ങൾ പറയുന്നു.
ഈ പറച്ചിൽ ആ ഉപദേശത്തിനു ഒരു ഖണ്ഡനമാണോ? അല്ല.
ഒരുപദേശത്തെ ഖണ്ഡിക്കുന്ന രീതി ഇതല്ല. പ്രസ്തുത ഉപദേശം
വേദത്തിലുണ്ടോയെന്നുള്ളതാണ് സംഗതി. എല്ലാ ശുശ്രൂഷകന്മാർക്കു
മുള്ള കർത്തവ്യം തങ്ങൾ വേദത്തിൽ കാണുന്ന വാസ്തവങ്ങളെ വി
ളിച്ചുപറയണമെന്നുള്ളതു മാത്രമാണ്. ഒരു ജ്യോതിഷികനു മ
റെറാരാൾക്ക് ഇഷ്ടമായപ്രകാരം നക്ഷത്രരാശിയെ നിരത്തിവയ്പാ
ൻ കഴിയുന്നതല്ല. ഇതുപോലെതന്നെ നീ ഇച്ഛിക്കുന്ന രൂപത്തി
ൽ ഉപദേശങ്ങളെ നിന്റെ മുമ്പിൽ ഇട്ടുതരുവാൻ ഒരു ശുശ്രൂ
ഷകനും കഴികയില്ല. ജ്യോതിഷികനു കഴിയുന്നതു മുഴുവൻ ഇതു
മാത്രമാകുന്നു. രാശിചക്രം വരച്ചു് ആകാശത്തിൽ നക്ഷത്രങ്ങളു
ടെ കിടപ്പ് ഇന്നവിധമാണെന്നു കാണിക്ക മാത്രം. ആകാശത്തി
ലേക്കു നോക്കി അങ്ങനെതന്നെയോ അവിടെകാണുന്നതു് എന്നു നി
നക്കു പരിശോധിക്കാം. എനിക്കു ചെയ്യാനുള്ളതെല്ലാം വേദത്തി
ൽ കാണുന്നതു പറകമാത്രമാണ്. ഒരു സംഗതി വേദത്തിലുണ്ടെ
ങ്കിൽ അതിനു ഞാൻ തെളിവു കൊടുക്കേണ്ട ആവശ്യമില്ല. ഒരു

പദേശം തെളിയിപ്പാനല്ല ഞാൻ ഇവിടെ വരുന്നത്. പിന്നെയോ അതു വേദത്തിലുണ്ടോ ഇല്ലയോയെന്നു പറവാൻ മാത്രമാണ്. അതു വേദത്തിലുണ്ടെങ്കിൽ അതിന്നു തെളിവെന്തിന്? അതു സത്യമാണല്ലോ, അതു അവിടെയുണ്ട്, ഞാൻ അതു വിളിച്ചുപറയുന്നു, അതു നീ നിഷേധിക്കുന്നെങ്കിൽ നിന്നെ നീ തന്നെ ശിക്ഷയ്ക്കു വിധിക്കയാണ്.

വേദം നിന്റെ മനസ്സിനൊപ്പിച്ചിരിക്കണമോ? നിന്റെ സ്വന്തഹൃദയത്തിന്റെ ആലോചനകൾക്കനുസരണമായി ഒരു ബൈബിൾ ഉണ്ടായിരിക്കണമെന്നാണോ നിന്റെ ഇഷ്ടം? അങ്ങനെയെങ്കിൽ ആ ബൈബിൾ തീരെ കൃത്രിമമായിരിക്കും. നിന്റെ അഹങ്കാരത്തെയും രസികത്വത്തെയും പോഷിപ്പിക്കുന്നതിന്നു ദൈവം ഒരിക്കലും ശ്രമിക്കുകയില്ലെന്ന് അറിഞ്ഞുകൊൾക. ദൈവവചനം ദൈവസദൃശ്യമായിട്ടുള്ള ഒന്നാണ്. അതിൽ വിശ്വസിപ്പാൻ അവൻ നിന്നോടു പറയുന്നു. നിന്റെ വിചാരങ്ങളെയും മനോഗതങ്ങളെയും സത്യത്തിന്റെ ഈ ഉരകല്ലിന്മേൽ കൊണ്ടുവരിക. അവർ ഈ വാക്കുപോലെ പറയുന്നില്ല എങ്കിൽ അവർക്കു അരുണോദയമുണ്ടാകയില്ല.

4. നീ വായിക്കുന്ന എല്ലാ പുസ്തകങ്ങളെയും ഈ പരിശോധനാസ്ഥാനത്തേക്കു കൊണ്ടുവരിക. ഗ്രന്ഥനിർമ്മാണപ്രകടീകരണങ്ങളുടെ കാലമാണല്ലോ ഇത്. നമ്മുടെ ഗ്രന്ഥഫലകങ്ങളിന്മേൽ സാഹിത്യപരങ്ങളായ മാസികകളും ഗ്രന്ഥങ്ങളും വളരെയുണ്ട്. എങ്കിലും ബൈബിൾ അധികമായി വായിക്കപ്പെടുന്നില്ല. പട്ടണത്തിൽ പഠിക്കുന്ന ഒരു യുവാവിനെക്കുറിച്ച് ആരോ ഒരാൾ ഇന്നലെ എന്നോടു താഴെ വരുംപ്രകാരം പറകയുണ്ടായി. നെബൂഖദ്നേസറിനെ മനുഷ്യരുടെയിടയിൽനിന്നു ആട്ടിക്കളഞ്ഞു, അവന്റെ നഖങ്ങൾ പക്ഷികളുടെ നഖങ്ങൾ പോലെയും അവന്റെ രോമം കഴുകന്റെ തൂവലുകൾ പോലെയും വളരുന്നതുവരെ അവൻ കാട്ടുമൃഗങ്ങളോടുകൂടി പാർത്തതിനെക്കുറിച്ച് ഒരു പട്ടക്കാരൻ പ്രസംഗിച്ചുകേട്ടപ്പോൾ പ്രസംഗാവസാനത്തിൽ ഈ യുവാവ് അടുത്തുചെന്ന് ഈ അത്ഭുതകഥ അവിടുത്തേക്ക് എവിടെനിന്നു കിട്ടിയെന്നു ചോദിച്ചു. ഇതിന്നു പട്ടക്കാരൻ നീ ബൈബിൾ വായിച്ചിട്ടില്ലയോ? ദാനിയേലിന്റെ പുസ്തകത്തിൽ അതുണ്ടല്ലോ എന്നു മറുപടി പറഞ്ഞു. ഈ ചെറുപ്പക്കാരൻ വളരെയൊക്കെ വായിച്ചിട്ടുണ്ടായിരുന്നു. എന്നാൽ വേദപുസ്തകം മുഴുവൻ വായിക്കാതെ ഒരു വേദോപദേഷ്ടാവാകുവാൻ അയാൾ ശ്രമിക്കയാണ്. അനേകരെസംബന്ധിച്ചും ഇതു വാസ്തവമെന്നു ഞാൻ ഭയപ്പെടുന്നു. ബൈബിളിലുള്ളതു അവർക്കറിഞ്ഞുകൂടാ. മാസികകളിലും വർത്തമാനപത്രങ്ങളിലും എന്തൊക്കെയാണുള്ളതെന്നു അവർക്കറിയാം. എന്നാൽ അതിപുരാതനമായ ഒരു പത്രഗ്രന്ഥത്തെ അതേ, വേദപുസ്തകത്തെ,

വായിക്കുവാൻ അവർ മറക്കുന്നു. മരിച്ചുപോയ ഒരു സാധുജീവി, അതേ, ഒരു സാഹിത്യവിദ്വാൻ മനസ്താപത്തോടുകൂടി ഇങ്ങനെ പറഞ്ഞു. "ലിവിയുടെ ഗ്രന്ഥങ്ങൾ വായിപ്പാൻ ഞാൻ ചിലവു ചെയ്തിട്ടത്തോളം സമയം എന്റെ ബൈബിൾ വായിക്കാൻ ഞാൻ ചിലവാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഹോറസിന്റെ കൃതികളുടെമേൽ ഞാൻ ചെയ്ത വിമർശങ്ങൾ വിശുദ്ധവേദത്തെ അധികരിച്ചായിരുന്നെങ്കിൽ എനിക്കെന്തു ഭാഗ്യമായിരുന്നു." മക്'ചെയിൻ പറഞ്ഞിട്ടുള്ള സുന്ദരവചനങ്ങളെ നാം ഓർക്കുക. അതിനെ ആശ്രയിക്ക. ആത്മാക്കളെ രക്ഷിക്കുന്നതു ദൈവവചനത്തിന്മേൽ മനുഷ്യൻ ചെയ്തിട്ടുള്ള വ്യാഖ്യാനമല്ല, പിന്നെയൊ ദൈവവചനം മാത്രമാകുന്നു. മാനസാന്തരപ്പെട്ടന്നവരിൽ നൂറിനു തൊണ്ണൂറൊമ്പതു ആളുകളും പ്രസംഗികന്റെ സ്വന്തവാക്കുകളെയല്ല ഉദ്ധരിക്കപ്പെട്ടന്ന വേദവാക്യങ്ങളെ കുറിക്കൊണ്ടാണ് തിരിഞ്ഞിട്ടുള്ളതെന്ന് അനുഭവത്താൽ എനിക്കു ബോദ്ധ്യം വന്നിട്ടുണ്ട്. ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ. അവർ ഈ വാക്കുപോലെ പറയുന്നില്ല എങ്കിൽ അവർക്ക്, അരുണോദയമുണ്ടാകയില്ല.

(തുടരും.)

# എല്ലാം പുളിച്ചുവരുവോളം.

(മത്താ. 13: 23.)

റോമസഭയിൽ ഇത്ര വളരെ പിശകുകൾ വന്നുവശായതു പത്തുപതിനെട്ടു നൂറ്റാണ്ടുകൾ കൊണ്ടാണ്. മിക്ക ദുരുപദേശങ്ങളും വളരെ മുമ്പുതന്നെ അവിടവിടെ ഉണ്ടായിരുന്നെങ്കിലും അതിനെ സഭ പൊതുവിൽ സ്വീകരിച്ചിരുന്നില്ല. പൊതുവിൽ അംഗീകരിക്കപ്പെട്ട കാലത്തെയാണ് ഈ ലിസ്റ്റിൽ കുറിക്കുന്നത്.

| | | |
|---|---|---|
| മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന | ക്രിസ്തുവം | 200. |
| പുണ്യവാളന്മാരെ ആരാധിക്കുക | ,, | 350 |
| കന്യകമറിയയുടെ ആരാധന | ,, | 431 |
| അന്യഭാഷയിൽ ആരാധന നടത്തുക | ,, | 600 |
| പാപ്പായുടെ സർവ്വാധിപത്യം | ,, | 606 |
| പ്രതിമകളെയും തിരുശേഷിപ്പുകളെയും വണങ്ങുക | ,, | 788 |
| മണികളെ സ്നാനപ്പെടുത്തുക | ,, | 965 |
| പട്ടക്കാരുടെ അവിവാഹജീവിതം | ,, | 1000 |
| സഭയുടെ തെററില്ലായ്മ | ,, | 1076 |
| മോചനച്ചീട്ടു വില്പന | ,, | 1190 |
| വസ്തുഭേദം സ്ഥിരപ്പെടുത്തു | ,, | 1215 |
| രഹസ്യകുമ്പസാരം | ,, | 1215 |
| പാനപാത്രം വിലക്കൽ | ,, | 1415 |

ബെസ്സക്കാറനാ

രേഖാപുസ്തകം പാരമ്പര്യം ഇവയെ ,, 1430
തുല്യമായി ഗണിച്ചതു്

അമലോത്ഭവം ,, 1540

പാപ്പയുടെ തെററില്ലായ്മ ,, 1864

,, 1870

"അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും"

1 തിമൊ. 4: 3, 4.

# മതസംസ്കാരകനായ പീററർ വാൽഡോ.

ലയൺസ്പട്ടണത്തിലെ ഒരു വലിയ കച്ചവടക്കാരനായിരുന്ന പീററർ വാൽഡോ ദൈവഭക്തിയും ക്രിസ്തീയപരിജ്ഞാനവും ജനങ്ങളുടെ ഇടയിൽ വർദ്ധിപ്പിക്കുന്നതിന് അക്ഷീണപരിശ്രമം ചെയ്ത ഒരു മഹാത്മാവായിരുന്നു. ഉദ്ദേശം ക്രിസ്ത്വബ്ദം 1160-ൽ സ്റ്റെഫാനസ് എന്നു പേരുള്ള ഒരു പുരോഹിതനെ ലത്തീനിൽ നിന്നു ഫ്രഞ്ചിലേക്കു നാലു സുവിശേഷങ്ങളും മററു ചില വേദഭാഗങ്ങളും തർജ്ജമ ചെയ്യാൻ അദ്ദേഹം നിയോഗിച്ചു. ഈവിധം തർജ്ജമചെയ്തു കിട്ടിയ തിരുവെഴുത്തുകളെ ശ്രദ്ധയോടുകൂടി വായിക്കയാൽ റോമാസഭ പഠിപ്പിക്കുന്ന ഉപദേശങ്ങൾ ക്രിസ്തുവിന്റെയും അപ്പോസ്തലന്മാരുടെയും ഉപദേശത്തിൽനിന്നു നിശ്ശേഷം വ്യത്യാസപ്പെട്ടതാണെന്ന് അദ്ദേഹം മനസ്സിലാക്കി. ഈ വാസ്തവബോധത്താൽ തള്ളിയുണർത്തപ്പെട്ട പീററർ തന്റെ കച്ചവടം ഉപേക്ഷിച്ചുകളഞ്ഞതുകൂടാതെ തനിക്കുള്ള മുതൽ മുഴുവനും ദരിദ്രന്മാർക്കായി ഭാഗിച്ചുകൊടുക്കയും വളരെ തീക്ഷ്ണതയോടുകൂടി മററുള്ളവർക്കു ക്രിസ്തുമതത്തിന്റെ ശരിയായ ഉപദേശങ്ങളെയും ചട്ടവട്ടങ്ങളെയും പഠിപ്പിക്കുന്നതിന് ഒരുമ്പെടുകയും ചെയ്തു. ഈ ഭക്തശിരോമണിയുടെ അനുയായികളായ വാൽഡൻസ്യരെയാണ് "ലയൺസിലെ സാധുക്കൾ" എന്നു വിളിച്ചുവരുന്നതു്.

ദൈവത്താൽ തനിക്കു നൽകപ്പെട്ട ഉപദേഷ്ടാസ്ഥാനത്തിനടുത്ത ഈ ശുശ്രൂഷയെ പീററർ യഥാവിധി നിർവ്വഹിച്ചുവരുമ്പോൾ ലയൺസിലെ ആർച്ച്ബിഷപ്പും മററു സഭാമേധാവികളും കൂടി അദ്ദേഹത്തെ കഠിനമായി എതിർപ്പാൻ തുടങ്ങി. എങ്കിലും അവരുടെ പരിശ്രമം നിഷ്ഫലമായി കലാശിച്ചതേയുള്ളു. കാരണം, ഈ നല്ല മനുഷ്യർ പഠിപ്പിച്ച ഉപദേശങ്ങളുടെ ലാളിത്യവും, ശുദ്ധി

യും അവരുടെ ജീവിതങ്ങളിലും വ്യാപാരങ്ങളിലും ശോഭിച്ചുകൊണ്ടിരുന്ന നിഷ്കാപട്യവും ജനങ്ങളെ അവർക്ക് അത്യന്തം വശംവദന്മാരാക്കിത്തീർത്തു. ബഹുമാനം, ധനം ഇവയെ സവിശേഷം പരിത്യജിക്കയാൽ ദൈവഭക്തിക്ക സ്വല്പമെങ്കിലും ആശയുണ്ടായിരുന്ന വളരെ ആളുകൾ, ഇവരെ അനുഗമിക്കുന്നതിനു സംഗതിയായി. ആദ്യം ഫ്രാൻസിലും, പിന്നീട് ലംബാർഡിയിലും പിററവും അനുഗാമികളും സഭാസ്ഥാപനം ചെയ്തു. ഈ സ്ഥലങ്ങളിൽനിന്നു യൂറോപ്പിന്റെ നാലു ഭാഗത്തേക്കും ഇവരുടെ സഭ അതിവേഗത്തിൽ വ്യാപിക്കയും അഗ്നിക്കോ, വാളിനോ അതികഠിനമായ ഭേദ്യങ്ങൾക്കോ ഇവരുടെ തീക്ഷ്ണതയെ അമർത്തുവാൻ കഴിയാതവണ്ണം ഇവരുടെ പ്രവർത്തനങ്ങൾ പ്രബലീഭവിക്കയും ചെയ്തു. ഇവരുടെ പ്രധാനലാക്ക് അക്കാലത്തെ സഭാഭരണത്തിന്റെ കാഠിന്യം കുറച്ച് അപ്പോസ്തലകാലത്തെ നടപടിയിലേക്ക പട്ടക്കാരേയും ജനങ്ങളേയും കൊണ്ടുവരണം എന്നുള്ളതായിരുന്നു.

ഈ കാരണത്താൽ റോമസഭ അതിന്റെ ആദിമശുദ്ധിയിൽനിന്നും ചാരിത്രത്തിൽനിന്നും വീണുപോയതായി അവർ അനവരതം വിളിച്ചുകൂട്ടി. പാപ്പായുടെ അധികാരത്തെ ഇവർ നിഷേധിക്കുകയും സഭാശുശ്രൂഷകന്മാർ അപ്പോസ്തലന്മാരെപ്പോലെ ദരിദ്രന്മാരായി ജീവിച്ചു തങ്ങളുടെ കൈകൾകൊണ്ടു വേലചെയ്തു കാലംകഴിപ്പാൻ നിർബന്ധിക്കുകയും ചെയ്തു. ഓരോ ക്രിസ്ത്യാനിക്കും ഉപദേശിക്കുന്നതിനും പ്രബോധിപ്പിക്കുന്നതിനും സഹോദരന്മാരെ സ്ഥിരീകരിക്കുന്നതിനും അധികാരമുള്ളതായി അവർ പ്രസ്താവിച്ചു. പട്ടക്കാരോടു പാപം ഏററുപറയുന്ന സമ്പ്രദായം അനാവശ്യമെന്ന് അവർ വാദിച്ചു. പാപത്തിൽ വീണുപോയിട്ടുള്ളവർ തങ്ങളുടെ അനുതാപത്തെ ഏതെങ്കിലും സത്യവിശ്വാസിയോട് അറിയിക്കാവുന്നതാണെന്നും അക്കാര്യത്തിൽ അവരിൽ നിന്നു വേണ്ട ആലോചനകൾ സ്വീകരിക്കാവുന്നതാണെന്നും പ്രസംഗിച്ചതുകൂടാതെ മരിച്ചവർക്ക വേണ്ടിയുള്ള പ്രാർത്ഥന, ബലിക്കുർബാന, ശിശുസ്നാനം മുതലായ വിശ്വാസങ്ങളെ അവർ നിഷേധിക്കയും ചെയ്തു. കർത്താവിന്റെ മലപ്രസംഗം, അക്ഷരാർത്ഥമായി അനുസരിക്കേണ്ടതാണെന്നായിരുന്നു ഇവരുടെ മതം. യുദ്ധം, വ്യവഹാരം, ആണയിടീൽ, ധനസമ്പാദനഭ്രമം എന്നിവയെ അവർ സഭയിൽനിന്ന് ഉച്ചാടനം ചെയ്തു.

നവീനഭാഷകളിലേക്കുള്ള വേദപുസ്തകതർജ്ജമകളിൽ വെച്ചു പ്രഥമസ്ഥാനം അർഹിക്കുന്നതു വാൾഡോയുടെ ഫ്രെഞ്ചുസുവിശേഷതർജ്ജമയാണ്. ഈ പരിഭാഷയിൽനിന്നു സഭ പുരോഹിതന്മാരേയോ സക്രമന്തുകളേ തന്നെയുമോ ആശ്രയിക്കേണ്ടതില്ലെന്നു വാൾഡോ വേഗത്തിൽ കണ്ടുപിടിച്ചു. സഭയ്ക്ക് ഉപദ്രവകാരി എന്നുകണ്ടു പോപ്പ് അദ്ദേഹത്തെ ശപിച്ചു. പട്ടണത്തിൽ തങ്ങൾ

ക്ക് ഇനി രക്ഷയില്ലെന്നു കണ്ടു വാൽഡോയും കൂട്ടരും പർവ്വതങ്ങളിലേക്ക് ഓടിപ്പോയി. അവിടെ അവർ തങ്ങളുടെ സഭകളെ രൂപവൽക്കരിച്ചു. ഈ സഭകളാകുന്ന മലയുറവയിൽ നിന്നത്രേ ക്രിസ്തുമാർഗ്ഗത്തിന്റെ ലളിതോപദേശങ്ങൾ അനേകനൂററാണ്ടുകളോളം യൂറോപ്പു് ഒട്ടുക്ക് ഒഴുകുവാൻ ഇടയായതു്. പ്രോവൻസ്, ലാംഗഡോക്ക്, ഫ്ളാണ്ടേഴ്സ്, ജർമ്മനി എന്ന ശുഷ്കപ്രദേശങ്ങൾ, അനുപദം ഈ ഉറവയിൽ നിന്നു് ഒഴുകുന്ന കുളുർമ്മയുള്ള വെള്ളം കുടിച്ചാശ്വസിച്ചു. ലൂഥർ ജനിക്കുന്നതിന്നു് അനേകനൂററാണ്ടുകൾക്കു മുമ്പത്രേ തന്റെ നവീകരണോപദേശങ്ങളെ പരത്തിക്കൊണ്ടു പീററർ വാൽഡോ പിക്കാർഡിയിൽ റോഡുകളിൽ കൂടി സഞ്ചരിച്ചതു്. അദ്ദേഹം തന്റെ അന്ത്യനാളുകൾ ബോഹീമിയായിലാണു് കഴിച്ചുകൂട്ടിയതു്. അവിടെവച്ചു് 1179-ൽ ഈ മതസംസ്കാരകൻ നിര്യാതനായി. ആ ആണ്ടിൽതന്നെ റോമാസഭ ഒരു പൊതുസുന്നഹദോസു വിളിച്ചുകൂട്ടി അവന്റെ അഭിപ്രായങ്ങളെ പ്രതിഷേധിച്ചു. ക്രിസ്തുമതത്തിന്റെ ആ ഇരുണ്ട യുഗങ്ങളിൽ വാൽഡെൻഷ്യൻസഭ ലോകത്തിനു മലയുടെ മുകളിൽ കത്തിജ്വലിക്കുന്ന വെളിച്ചം തന്നെയായിരുന്നു.

# വേദസാഹ്യശകലങ്ങൾ.

ദിവസമൊന്നുക്കു് ഒന്നു വീതം ആണ്ടു മുഴുവൻ ഉപയോഗിക്കത്തക്കവണ്ണം "ഭയപ്പെടരുതു്" എന്ന വാക്ക് ഏകപ്പാടെ 365 പ്രാവശ്യം വേദപുസ്തകത്തിൽ ഉണ്ടു്.

പഴയനിയമം ന്യായപ്രമാണംകൊണ്ടു തുടങ്ങി ശാപത്തിൽ അവസാനിക്കുന്നു. മലാഖി. 4: 6.

പുതിയനിയമം കൃപകൊണ്ടു തുടങ്ങി അനുഗ്രഹത്തിൽ അവസാനിക്കുന്നു. വെളി. 22: 21.

പഴയനിയമത്തിലെ രൂഥ്, എസ്രാ, നെഹെമിയാ, ഉത്തമഗീതം, ഓബദിയാ ഇത്രയും പുസ്തകങ്ങളിൽ നിന്നു സ്വവിശേഷത്തിൽ വാക്യങ്ങൾ എടുത്തുപറഞ്ഞിട്ടില്ല.

വേദത്തിൽ നിനക്കു ഗ്രഹിപ്പാൻ കഴിയാത്ത വല്ല ഭാഗവും ഉണ്ടോ? ഉണ്ടെങ്കിൽ ആവ. 29: 29 വായിച്ചു സമാധാനപ്പെടുക.

തിരുവെഴുത്തുകളുടെ പരിപാലനത്തിനു വേണ്ടി ഘനകാവൽ വാക്യങ്ങൾ വെക്കപ്പെട്ടിരിക്കുന്നു. അവയിൽ ഒന്നു് ആദിയിലും, മററതു നടുവിലും, വേറൊന്നു് ഒടുവിലുമത്രേ, യഥാക്രമം

ആ വാക്യങ്ങളാവിതു:—ആവ. 4: 2; സദൃ. 30: 6; വെളി. 22: 18, 19.

പഴയനിയമത്തിൽനിന്നു 850 വാക്യങ്ങൾ പുതിയതിൽ ഉദ്ധരിച്ചിട്ടുണ്ടു. ഇതിൽ കർത്താവു എടുത്തുപറഞ്ഞിട്ടുള്ളവ പഴയനിയമത്തിലെ 22 പുസ്തകങ്ങളിൽ നിന്നു മാത്രമാകുന്നു.

നമ്മുടെ കർത്താവിന്റെ ആദ്യവരവിനെക്കുറിച്ചു നേരെ പറയുന്ന 198 പ്രവചനങ്ങൾ പഴയനിയമത്തിൽ ഉണ്ടു. പരോക്ഷമായി ക്രിസ്തുവിനെ ഉദ്ദേശിക്കുന്നവ 333-ആകുന്നു.

മത്തായി യഹൂദന്മാർക്കു തന്റെ സുവിശേഷം എഴുതി; മർക്കൊസ് റോമർക്കു; ലൂക്കൊസ് ജാതികളിൽനിന്നു തിരിഞ്ഞവർക്കു; യോഹന്നാൻ വിശ്വാസികൾക്കു പൊതുവേ.

ക്രിസ്തുവിന്റെ ഉയിർപ്പിനെക്കുറിച്ചു പുതിയനിയമത്തിൽ 108 പ്രാവശ്യം പറഞ്ഞിരിക്കുന്നു.

യോഹന്നാന്റെ ആദ്യലേഖനത്തിൽ "അറിയുന്നു" എന്ന വാക്കു 40 പ്രാവശ്യം വരുന്നു.

ക്രിസ്തു പറഞ്ഞിട്ടുള്ളതായി മത്തായി 23-ൽ കാണുന്ന 8 കഷ്ടങ്ങളെയും മത്തായി 5-ൽ കാണുന്ന 8 അനുഗ്രഹങ്ങളെയും താരതമ്യപ്പെടുത്തുക.

വേദപഠിതാക്കളേ! 2 രാജാ. 6: 25-ൽ "പ്രാക്കാഷ്ഠം" എന്നു പരിഭാഷപ്പെടുത്തിക്കാണുന്നതു ഡിബ്യോനിം എന്ന ഒരു എബ്രായ പദമാണ്. ഇതു കേവലം പ്രാക്കാഷ്ഠമല്ല, പ്രത്യുത, ഒരുമാതിരി പയറാണെന്നു ധരിക്കുവിൻ.

പുതിയനിയമത്തിൽ ഹെരോദാ എന്ന പേർ പല പ്രാവശ്യം കാണുന്നുണ്ടു. ഇതു ഒരാൾ തന്നെയാണെന്നാണു മിക്കവാറും ധരിച്ചിരിക്കുന്നതു. എന്നാൽ ആ ധാരണ ശരിയല്ല. ഹെരോദാ എന്ന പേരോടു കൂടിയ നാലു രാജാക്കന്മാർ ഉണ്ടായിട്ടുണ്ടു. ഇവരിൽ (1) മഹാനായ ഹെരോദാ. ഇദ്ദേഹം ക്രിസ്ത്വബ്ദം 4-ൽ മരിച്ചു. മത്തായി. 2: 1; ലൂക്കു. 1: 5. (2) മകൻ ഹെരോദാ അന്തിപ്പാസ്. ഇദ്ദേഹം ക്രിസ്ത്വബ്ദം 39 വരെ ഗലീലയിൽ വാണു. മത്താ. 14: 1; ലൂക്കു. 3: 19; 9: 7; 13: 33; പ്രവൃ. 13: 1. ഈ ഭാഗങ്ങളിൽ കാണുന്നതു ഈ ഹെരോദാവാണ്. (3) 1-ാം ഹെരോദാ അഗ്രിപ്പാ; അന്തിപ്പാസിന്റെ മകൻ. ഇവൻ ക്രിസ്ത്വബ്ദം 42-ൽ മരിച്ചു. പ്രവൃ. 12: 20-ൽ കാണുന്നതു ഈ ഹെരോദാവാണ്. (4) 2-ാം ഹെരോദാ അഗ്രിപ്പാ; 1-ാം അഗ്രിപ്പായുടെ മകൻ. ഇവൻ ക്രിസ്ത്വബ്ദം 100-ൽ മരിച്ചു. പ്രവൃ. 26-ൽ കാണുന്നതു ഈ ഹെരോദാവാണ്.

# ഒരു നിരൂപണം.

ഇക്കഴിഞ്ഞ കർക്കടകമാസത്തെ "മലങ്കരസഭാതാരക"യിൽ "വിയോജിതന്റെ വ്യാജഭാവന" എന്ന തലവാചകത്തോടുകൂടിയ ഒരു ചെറിയ പ്രസംഗം കാണുന്നതിനിടയായി. ഈ പ്രസംഗം ഇടയാറന്മുള നിവാസിയായ "ഒരു ബാല്യക്കാര"ന്റെ പേരു വച്ചാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്. എങ്കിലും ഇതു മുത്താമ്പാക്കൽ കൊച്ചൂഞ്ഞുപദേശി അവർകൾ എഴുതിയ ഒരു ലേഖനംതന്നെയാണെന്നാണ് വായിച്ചപ്പോൾ ഞങ്ങൾക്കഭിപ്രായമുണ്ടായതു്. ഇതിൽ സ്നാനത്തെക്കുറിച്ചുള്ള ഏതാനും നിരൂപണങ്ങൾ എന്ന പ്രസംഗം ഞങ്ങൾ വിയോജിതനിൽ പ്രസിദ്ധീകരിച്ചതു ഒരു വ്യാജഭാവനയാണെന്നു പ്രസംഗിച്ചുകാണുന്നു. വ്യാജഭാവന എന്ന വാക്കിന്റെ താല്പര്യമെന്താണെന്നു പ്രാസംഗികൻ കാണിച്ചിട്ടില്ല. കൂടാതെ ഉപദേശിയുടെ പ്രസംഗത്തിന്റെ പ്രസിദ്ധീകരണത്തിൽ ഞങ്ങൾ കാണിച്ച വ്യാജഭാവന ഏതെന്നു സ്പഷ്ടമാക്കീട്ടുമില്ല. പ്രസംഗത്തിൽ ശകാരങ്ങൾ ധാരാളമുണ്ട്. അതിനെക്കുറിച്ച് ഒടുവിൽ പറഞ്ഞുകൊള്ളാം. പ്രസിദ്ധീകരണസംഗതിയെക്കുറിച്ചു രണ്ടു നാലു വാക്കുകൾ പറഞ്ഞുകൊള്ളട്ടെ.

വിയോജിതനിൽ കാണുന്ന പ്രസ്തുതലേഖനം കൊച്ചൂഞ്ഞുപദേശിയവർകളുടെ അവശ്യാനുസരണമോ അനുവാദപ്രകാരമോ പ്രസിദ്ധീകരിച്ചിട്ടുള്ളതല്ലെന്നു പ്രാസംഗികൻ പറയുന്നതു സാക്ഷാൽ വ്യാജംതന്നെയാണ്. കൊച്ചൂഞ്ഞുപദേശി അവർകൾ ശിശുസ്നാനം തള്ളി പമ്പാനദിയിൽ മുഴുകൽസ്നാനം സ്വീകരിച്ചതു് 1088 ഇടവം ൩-ാംനു- ആയിരുന്നു. അതിനു് ഏതാനും മാസങ്ങൾക്കു മുൻപ് എഴുതിയ പ്രസ്തുതപ്രസംഗം താൻ സ്നാനപ്പെട്ട ദിവസം രാത്രിയാണ് ഞങ്ങളെ ഏല്പിച്ചതു്. പ്രസിദ്ധീകരണത്തിനുള്ള സമ്മതത്തോടും ആലോചനയോടുംകൂടി ഇതു ഞങ്ങളെ ഏല്പിച്ചതു പ്രഭാതദൂതനോ, വിയോജിതനോ ഉതകുവിക്കുന്നതിനു് ഏതാനുംകൊല്ലം മുൻപായിരുന്നു.

2. "അദ്ദേഹം (കൊച്ചൂഞ്ഞുപദേശി) ഈ ലേഖനം 1088-ാമാണ്ടു സ്നാനത്തെക്കുറിച്ചുള്ള ഒരു അദ്ധ്യയനമായി എഴുതിയതാണ്" എന്നാണ് ലേഖകന്റെ അടുത്ത പ്രകടനം. ഇവിടെ അദ്ധ്യയനമായി എന്നു പറയുന്നതു് എന്തിനാണാവോ? പക്ഷേ ഒരു വെറും വേദപഠനമായി മാത്രം എഴുതി എന്നു കാണിക്കുന്നതിനായിരിക്കാം. വേദാദ്ധ്യയനം എന്നു പറഞ്ഞാൽ അതിൽ പ്രതിപാദിക്കുന്ന സംഗതികൾ തന്റെ വിശ്വാസമനുസരിച്ചുള്ളവയല്ലെന്നു വരുത്താമെന്നാണ് ലേഖകൻ വിചാരിക്കുന്നതു്. ഇതു സാദ്ധ്യമോ? വേദാദ്ധ്യയനം എഴുതുന്നവർ തങ്ങളുടെ വിശ്വാസത്തിനു വിപരീതമായിട്ടാണോ വേദാദ്ധ്യയനം എഴുതുക. വാക്കർനസ് ...

രെ വേദാദ്ധ്യയനങ്ങൾ എഴുതീട്ടുണ്ടല്ലൊ. തന്റെ വിശ്വാസത്തിനു വിപരീതമായി സാസ്സ് എഴുതീട്ടുള്ള ഒരു വേദാദ്ധ്യയനം പ്രസംഗികൻ കാണിക്കട്ടെ. ഇതുപോലെ മൂത്താമ്പാക്കൽ കൊച്ചുകുഞ്ഞുപദേശി അവർകൾ സ്വാഭിപ്രായത്തിനു വിരുദ്ധമായി നടത്തിയ ഒരു വേദാദ്ധ്യയനവും ലേഖകൻ കാണിച്ചുതരട്ടെ. സ്നാനത്തെക്കുറിച്ചു വിധേയജിതന്മാർക്കുള്ളതിനേക്കാൾ കൂടുതൽ ഗണനയും തദ്വിഷയത്തിൽ വളരെ നിർബന്ധവും ഉണ്ടായിരുന്ന ഉപദേശി അവർകളുടെ സ്നാനപ്രസംഗം ഒരദ്ധ്യയനമെന്നുള്ള ഭാവത്തിൽ വിലകുറച്ചുപറഞ്ഞതു് ലേഖകന്റെ വ്യാജഭാവന എന്നല്ലാതെ എന്തു പറയട്ടെ.

ഉപദേശി അവർകളുടെ സ്നാനപ്രസംഗം വായിച്ചാൽ അതു കേവലം ഒരു അദ്ധ്യയനമായിട്ടല്ല, പിന്നെയോ തന്റെ സ്വന്ത അനുഭവസാക്ഷിയായിട്ടാണ് ഉപദേശി എഴുതിയിരിക്കുന്നതെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഏതുഭാഗം വായിച്ചാലും വ്യക്തപ്പെടുന്നതാണ്. വായനക്കാരുടെ പ്രയോജനത്തിനായി അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു താഴെ കാണുന്ന ഭാഗങ്ങൾ എടുത്തു ചേർത്തുകൊള്ളുന്നു. ലേഖകൻ തല കൊടുത്തു് ഈ ഭാഗങ്ങൾ വായിക്കട്ടെ.

ഉപദേശിയുടെ പ്രസംഗത്തിൽ കാണുന്നതാവിതു്:—

## ക്രിസ്തീയസ്നാനം. *

ക്രിസ്ത്യാനികളുടെ ഇടയിൽ ആചരിക്കപ്പെട്ടുപോരുന്ന ഈ വിശുദ്ധകർമ്മത്തെക്കുറിച്ചു വലുതായ അഭിപ്രായഭേദം നടന്നുകൊണ്ടിരിക്കുന്നു. സ്നാനം ആവശ്യമില്ലെന്നു ചിലരും, അല്ലാ അതു് ഒഴിച്ചുകൂടാത്തവിധത്തിൽ എല്ലാക്രിസ്ത്യാനികൾക്കും ആവശ്യമുള്ളതുതന്നെ ആണെന്നു ചിലരും, ശിശുക്കളേയും സ്നാനപ്പെടുത്തേണ്ടതാണെന്ന് ഒരു ഭാഗക്കാരും, അല്ലാ വിശ്വാസത്തിലേക്കു പ്രവേശിക്കുന്നവരേ മാത്രമേ സ്നാനപ്പെടുത്താവൂ എന്നു മറുഭാഗവും, സ്നാനത്തിൽ ശിശുക്കൾ വീണ്ടുംജനിക്കുന്നു എന്ന് ഒരു കൂട്ടരും, അല്ല സ്നാനം കുട്ടികളെ കർത്താവിങ്കലേക്കു ചേർക്കുന്ന ഒരു കർമ്മം മാത്രമാണെന്ന് ഒരു കൂട്ടരും ഇങ്ങനെ സംഗതിയെക്കൊണ്ടു് ഇന്നു ക്രിസ്തീയലോകത്തിൽ നടന്നുവരുന്ന അഭിപ്രായങ്ങൾ എത്രവളരെ! ഇത്രവളരെ അഭിപ്രായങ്ങൾക്കു ഹേതുവായ ഈ വിഷയത്തെക്കൊണ്ടുള്ള വാദപ്രതിവാദങ്ങളും കുറവല്ല. പരമാർത്ഥമാനസന്മാരായ ക്രിസ്ത്യാനികൾക്കുകൂടെയും ഈ സംഗതിയിൽ ഭിന്നപക്ഷമായിത്തീരുന്നതായും കാണപ്പെടുന്നു. ചിലർ ഈ സംഗതിയെക്കൊണ്ടു

* ക്രിസ്തീയസ്നാനം എന്നതു മുതൽ ഉപദേശി അവർകളുടെ പ്രസംഗമാണ്.

ങ്ങളുടെ പാരമ്പൎയ്യനടപ്പിനെ പ്രമാണമാക്കി പക്ഷം ചേരുന്നു. മറ്റുചിലർ ഇതിനെക്കൊണ്ടു ഗണ്യമായ വിധത്തിൽ അന്വേഷണങ്ങൾ ചെയ്യാതെ ഓരോ പ്രകാരത്തിൽ അഭിപ്രായം പറയുന്നു. ചിലർ ഇതിനെക്കുറിച്ചു വേദപുസ്തകത്തിൽനിന്നു പരമാൎത്ഥമായി ശോധനചെയ്യാതൊന്നിൽ ധൈൎയ്യപ്പെടുകയും ചെയ്യുന്നു. ഈ വിഷയത്തെക്കുറിച്ചു പലപ്രകാരത്തിലുള്ള വാദപ്രതിവാദത്തെ കേട്ടും പലവിധമായ വാദപ്രതിവാദങ്ങൾ ചെയ്തും എന്റെ ജീവിതത്തിൽ ഒരു കാലാവധി ചിലവഴിച്ചു. എന്നാൽ തിരുവെഴുത്തിൽനിന്നു പരമാൎത്ഥബുദ്ധ്യാ അതായതു് ഇതിലേതാണു് സത്യം, സത്യം എങ്ങനെയിരുന്നാലും സത്യം എന്താണെന്നറിഞ്ഞാൽ മതി; കാണപ്പെടുന്ന സത്യത്തിൽ തന്നിമിത്തം പററിച്ചേൎന്നുകൊള്ളാം എന്നുള്ള ആലോചനയോടുകൂടി ഈ വിഷയം സംബന്ധിച്ചു് അന്വേഷണം ചെയ്തിരുന്നില്ല. ഒരിക്കൽ ശിശുസ്നാനത്തെക്കുറിച്ചുള്ള അന്വേഷണത്തോടുകൂടെ തിരുവചനത്തിൽനിന്നു സാക്ഷ്യം തിരഞ്ഞുവരുമ്പോൾ അതിനു പ്രതികൂലമായി ഒരു തെളിവു വന്നുകൂടിയപ്പോൾ അതോടുകൂടെ ഈ അന്വേഷണത്തെ നിറുത്തിവെച്ചതായി തോന്നുന്നു. എന്നാൽ ഈ വിഷയം സംബന്ധിച്ചു തിരുവചനത്തിന്റെ തെളിവു് എന്താണെന്നു പരമാൎത്ഥത്തിൽ ശോധന ചെയ്യേണ്ടതായി ഒരു ബലബന്ധം എന്നിൽ സംഭവിച്ചു. തന്നിമിത്തം തിരുവചനത്തിൽ ഇതിനെ സംബന്ധിച്ചു വെളിപ്പെടുത്തിയിരിക്കുന്ന ആലോചനകളുടെ നിശ്ചയം പ്രാപിക്കേണ്ടതിന്നായി ദൈവാശ്രയത്തോടുകൂടെ അന്വേഷണം ചെയ്യുതുടങ്ങി. അപ്പോൾ എന്റെ മനോബോധത്തെ തട്ടിയതായ ഏതാനും ആലോചനകളെ താഴെ വിവരിച്ചുകൊള്ളുന്നു.

‘ക്രിസ്തുവിങ്കലേക്കു സ്നാനപ്പെട്ടവരായ നിങ്ങൾ അത്രയും ക്രിസ്തുവിനെ ഉടുത്തിരിക്കുന്നു. പാപമയമായ സ്വഭാവത്തോടുകൂടിയ കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുന്ന പതിവിനു് ഈ വചനം പരമാൎത്ഥത്തോടും ധൈൎയ്യത്തോടും പറവാൻ കഴികയില്ല.”

“സാക്ഷാൽ വെളിച്ചം വിശ്വാസത്തിന്റെ പിന്നാലെയുള്ള സ്നാനത്തിന്നു മാത്രമാകുന്നു.”

“ഹാ! സ്നാനപ്പെടേണ്ടവൻ എത്ര നല്ലതു വിശ്വാസത്തെ പ്രാപിച്ചിരിക്കേണ്ടതു് ആവശ്യം. പരിശുദ്ധാത്മാവു് എത്ര ഗൌരവത്തോടുകൂടെ സ്നാനാൎത്ഥിയിൽ വിശ്വാസത്തെ ചോദിക്കുന്നു എന്നിരിക്കെ വിശ്വാസകാൎയ്യത്തിൽ ഉപേക്ഷ കാണിച്ചുകൊണ്ടു സ്നാനം ചെയ്‌വാൻ എന്തൊരു ന്യായം?”

“ദൈവസത്യങ്ങൾക്കു പരിശുദ്ധാത്മാവു വെച്ചിരിക്കുന്ന ക്രമവ്യവസ്ഥയെ വല്ലപ്രകാരത്തിലും ലംഘിപ്പിക്കുന്നതു ദൈവമുൻപാകെ ന്യായമോ?”

“സ്വകീയവിശ്വാസത്തിന്റെ പിന്നാലെ അത്രേ, സ്വകീയവിശ്വാസത്തിന്റെ പരിപൂൎണ്ണപ്രതിജ്ഞയുടെ മുൻപാകെ വിധിക്കപ്പെട്ടിരിക്കുന്ന സ്നാനം വിശ്വാസമില്ലായ്മയുടെയും അപൂൎണ്ണവിശ്വാസത്തിന്റെയും സമയത്തു് അനുഷ്ഠിക്കുന്നതു് എത്ര വിരുദ്ധമാണു്.”

"നിശ്ചയമായും സ്നാനം പൂർണ്ണഹൃദയത്തോടുകൂടിയ ദിവ്യവിശ്വാസത്തിന്റെ പിന്നാലെയുള്ള അനുസരണംതന്നെ ആകുന്നു."

"ശിശുക്കളെ സ്നാനപ്പെടുത്തുന്നതു ശരിയല്ല."

"ശിശുസ്നാനം ശരിയല്ലെന്നുള്ളതിനു എനിക്കു തെളിവായ ആലോചനകൾ താഴെ കാണിക്കുന്നു".

"വിശ്വാസത്തിന്റെ പിന്നാലെ മാത്രം അനുഷ്ഠിക്കപ്പെട്ടിരിക്കുന്ന ഒരു ശുശ്രൂഷയാണ് സ്നാനം എന്നു വേദപുസ്തകത്തിൽ ഏറ്റവും തെളിവായിരിക്കുന്നതിനാൽ വിശ്വാസം ഉള്ളിൽ ജനിപ്പിക്കപ്പെട്ടിട്ടില്ലാത്ത കുഞ്ഞുങ്ങൾക്കു സ്നാനത്തിനു പരിശുദ്ധാത്മാവിന്റെ ദൃഷ്ടിയിൽ യോഗ്യതയില്ല."

"ശിശുക്കളിൽ വിശ്വാസം ജനിക്കുന്നില്ലെന്നു ഞാൻ നിശ്ചയിക്കുന്നു."

"ഹാ! ക്രിസ്തീയസഹോദരാ, നീ നിന്റെ കുഞ്ഞിനെ സ്നാനപ്പെടുത്തിയപ്പോൾ നിന്റെ കുഞ്ഞിന് ഒരു പുതിയ ഹൃദയത്തോടുകൂടെ ഒരു ദിവ്യവിശ്വാസമകത്തു ലഭിച്ചെന്നു നിനക്കു ധൈര്യമായി പറയാമോ?".

"മതിയായ സാക്ഷ്യംകൂടാതെ ശിശുക്കൾക്കു സ്നാനത്തെ അനുവദിക്കുന്നതു യോഗ്യമോ?"

"കുട്ടികൾക്കു മാനസാന്തരം നിശ്ചയമായും ഒരവസരത്തിൽ ആവശ്യമാകയാൽ അതിന്റെ ലേശം മാത്രമില്ലാത്ത പാപബന്ധാവസ്ഥയിൽ സ്ഥിതിചെയ്യുന്ന കാലാവധിയിൽ സ്നാനം കുട്ടികൾക്കു അനുവദിക്കുന്നതു ശരിയല്ല".

"പാപസ്വഭാവത്തോടുകൂടിയ ശിശുക്കളെ സ്നാനത്തിന് അനുവദിക്കുന്നതു ശരിയല്ല, നിശ്ചയം."

"പഴയ പുതിയ ഉഭയസമ്മതങ്ങൾ തമ്മിലുള്ള വ്യത്യാസത്തെ ആലോചിക്കുമ്പോഴും സ്നാനം ശിശുക്കൾക്ക് അനുവദിപ്പാൻ ന്യായമില്ലെന്നു തെളിവാകുന്നു."

"കുഞ്ഞുങ്ങളിൽ കൃപയുടെ പുതിയ അനുഭവം കാണപ്പെടുന്നതുവരെയും അതിന്റെ മുദ്രയാകുന്ന സ്നാനത്തിന് അവരെ അനുവദിക്കുന്നതു പുതിയ ഉഭയസമ്മതത്തിന്റെ പ്രമാണത്തിന് എതിരാകുന്നു."

"എപ്പോൾ കൃപയുടെ പ്രമാണം ഉള്ളിൽ പ്രവേശിക്കയും സുവിശേഷവിശ്വാസം ഹൃദയത്തിൽ ഉളവാകയും ചെയ്തു വിലയേറിയ വിശ്വാസത്തെ പ്രാപിച്ചവൻ എന്ന നിലയിലേക്കു വരുന്നതുവരെയോ അതത്രേ കുഞ്ഞുങ്ങൾക്കുള്ള ന്യായമായ സമയമാകുന്നു."

"ആകയാൽ വിശ്വാസം കുഞ്ഞുങ്ങളിൽ കാണപ്പെടുന്നതുവരെയും അവരെ സ്നാനത്തിന് അനുവദിക്കുന്നതു പരിശുദ്ധാത്മാവിന്റെ വ്യവസ്ഥയ്ക്കു എതിരാകുന്നു."

ഈ ഭാഗങ്ങൾ വായിച്ചാൽ ഉപദേശിഅവർകൾ കേവലം ഒരു വേദാദ്ധ്യയനം നടത്തുകയല്ല; പ്രത്യുത ഒരു വിയോജിതനെപ്പോലെതന്നെ ശിശുസ്നാനം തെറ്റെന്നു തള്ളി മുഴുകൽസ്നാനം ഏൽക്കുവാൻ ഉൽക്കണ്ഠയോടെ ഒരുങ്ങുകതന്നെയാണെന്ന് ആർക്കുംതന്നെ മനസ്സിലാകുന്നതാണ്. അങ്ങനെയിരിക്കെ ഉപദേശി അവർകൾക്ക് ഇതിൽ ഒരു ബന്ധവുമില്ലെന്നോ ഉണ്ടായിട്ടില്ലെന്നോ ഉള്ള ഭാവത്തിൽ ജനങ്ങളെ ധരിപ്പിക്കുന്നതിന് അദ്ദേഹത്തിന്റെ തീക്ഷ്ണതയേറിയ അനുഭവസാക്ഷിയും കേവലം ആവശ്യ

ദനമായി മറച്ചും മറിച്ചും കളഞ്ഞ ലേഖകന്റെ പ്രമാദം ഒരിക്കലും ക്ഷന്തവ്യമല്ല. ഇതിനും പുറമെ അദ്ദേഹം സ്നാനപ്പെട്ട് അധികകാലം കഴിയുന്നതിനു മുൻപ് എഴുതിയ ഒരു രേഖാസാക്ഷ്യവും ഞങ്ങൾ പറയുന്ന വാസ്തവത്തെ ബലമായി ഉറപ്പിക്കുന്നു. ഞങ്ങളുടെ കൈവശം ഉപദേശിയുടെ സ്വന്തകൈപ്പടയിലെഴുതിയ ഈ രേഖയും ഇരിപ്പുണ്ടെന്നു മാത്രമല്ല, അതു സമുദായത്തിൽപ്പെട്ട പല സ്നേഹിതന്മാർ വായിച്ചുനോക്കുകയും ഉണ്ടായിട്ടുണ്ട്. സ്നാനപ്പെട്ടതിൽ പിന്നീട് ഞാൻ എഴുതിട്ടുള്ള പ്രസ്തുതകയ്യെഴുത്തിൽ താഴെ വരുന്ന വാചകങ്ങൾ കാണുന്നു.

1. * പണ്ടത്തെ ഒരു നടപടിപ്പുസ്തകം എന്നിൽ കിടന്നിരുന്നു നിശ്ചയം. കർത്താവു സകലവിട്ടമാറേൽ എന്നെ നടത്തുന്നതായാൽ അതിന് എനിക്ക് ഒന്നും തടസ്ഥമായി വരികയില്ലെന്നുള്ള ഒരു സൂക്ഷിപ്പ് അതുതന്നെ എനിക്കുണ്ടായിരുന്നു. നിശ്ചയമായും ദൈവസന്നിധിപ്പിനു കീഴ്പ്പെടണമെന്നുള്ള സന്തോഷഭാവം അതു സൂക്ഷിപ്പിന് എന്നെ ഉത്സാഹിപ്പിച്ചു എന്നും അതിൽ യാതൊരു തെറ്റും ഇപ്പോഴും ഞാൻ കരുതപ്പെടുന്നു.

2. ഒരു സംബന്ധമായി ഞാനിട്ട ഒരു് അന്ധകാരവത്തിൽ ഞാൻ മാർത്തോമ്മാ സമുദായത്തിൽനിന്നു വേർപെട്ടു കർത്താവിനായി ഒരു ശുശ്രൂഷി സഭയെ ഒരുക്കുന്നതിനായി ഏർപ്പെടാൻ അവൻ എന്നെ വിളിക്കുന്നവെച്ചം പലന് ഒരു ബോദ്ധ്യവും 88 വൃശ്ചികം 4-ാംനു എന്നിൽ വന്നു. ഇത് എന്റെ ബുദ്ധിമല്ല. എനിക്കു ദൈവം ഉയർത്തിയ ഒരു അവകാശമാണെന്ന് എനിക്കു തോന്നിട്ടും ഉണ്ടായ ഒരു പ്രകാശം മൂലം നിശ്ചയം വന്നു.

3. തിരുവത്താഴത്തെ സംബന്ധിച്ചിടത്തോളം ഞാൻ അറിയുന്ന സത്യപ്രകാരം ഒരു മാർത്തോമ്മാക്കാരൻ എന്ന നിലയിൽ അതിനെ അനുഭവിപ്പാൻ സാധിക്കുന്നതല്ലെന്നു മൂന്നു നാലു സംവത്സരങ്ങൾകൊണ്ട് എനിക്കു തെളിവായി. സഭയിൽ നടക്കുന്ന തിരുവത്താഴം കർത്താവിന്റെ വചനത്തിൻപ്രകാരമല്ലെന്നു വിപരീതമായി ഞാൻ കാണുന്നു. തിരുവചനപ്രകാരം തിരുവത്താഴം അനുഭവിക്കുന്നതിനു വേറിട്ടേ മാത്രമേ സാധിക്കയുള്ളുവെന്നു നിശ്ചയം. അതുകൊണ്ടു അതു രോഗത്തോടുകൂടെ സഭയെ വിട്ടുപിരിഞ്ഞതിൽ ദൈവസന്നിധിയിൽ ഞാൻ ഒരുപ്രകാരത്തിലും തെറ്റിപ്പോയിട്ടില്ല.

4. ഒരു സമയം മൈതാനപ്പറമ്പിൽ അപ്പീയൻ വന്നപ്പോൾ 'പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതു് എല്ലാം വിശ്വസിക്കുന്നതിനു'' എന്നുള്ള വാക്യം. എന്നോടു പറഞ്ഞപ്പോൾ വേർപാടുസംബന്ധത്തിൽ വചനത്തിൽനിന്ന് ഒരു വെളിച്ചം എനിക്കു ലഭിച്ചു നിശ്ചയം. വെളിച്ചം നിശ്ചയമായും ദൈവത്തിൽനിന്നുണ്ടായതാകുന്നു എന്നു ഞാൻ അറിയുന്നു.

5. 88 ധനു 10-ാംനു + നാഗർകോവിൽവെച്ചു യഥാവായികാലക്ക നോക്കി സ്നാനപ്പെടുവിപ്പാൻ ചെയ്തു പ്രാർത്ഥിക്കുമ്പോൾ ദൈവം തന്റെ വെളി

---

* "ഞാൻ മാർത്തോമ്മാ സമുദായത്തെ വിട്ടുപിരിഞ്ഞതിനുള്ള കാരണങ്ങളും പ്രതിജ്ഞാപരമായ ന്യായങ്ങളും" എന്ന തലവാചകത്തോടുകൂടെ ഉപദേശി എഴുതിയിട്ടുള്ള രേഖയിൽനിന്ന് എടുത്ത ഭാഗമാണ് ഇത്.

+ ഈ വടശ്ശേരി. ആശുപത്രിയിൽ ഉപദേശി അവർക്കും ചികിത്സയ്ക്കായി പോയ അവസരമാണ്.

ച്ചതാലും ശക്തിയാലും എന്നെക്കൊണ്ടു ചെയ്യിച്ചതുതന്നെയാണെന്നു ഞാൻ ബോദ്ധ്യപ്പെട്ടു. അതിനെ തുടർന്ന് ആ സമയം മുതൽക്കു ലഭിച്ച വെളിച്ചനടത്തിപ്പുകൾക്കൊക്കെയും അതു ദിവ്യമനോബോധം സാക്ഷിനിന്നു നിശ്ചയം. ആകയാൽ അതിൽ ഞാൻ നിശ്ചയമായും ബോദ്ധ്യപ്പെടുന്നു.

6. ദൈവസന്നിധിയിൽ നിന്നു സന്തോഷിക്കേണ്ടവൻ എന്നുള്ള നിലയിൽ ഉള്ള സ്നാനം വിശ്വാസസ്നാനമാണെന്നു തിരുവചനം എനിക്കു വെളിവായി കാണിച്ചുതന്നതിനാൽ സകലപ്രതിബന്ധങ്ങളെയും തള്ളി തിരുവചനത്തിൽ ഞാൻ [illegible] സ്നാനപ്പെട്ടു.

7. നാഗർകോവിലിൽനിന്നു വന്നതിന്റെ ശേഷം ഉണ്ടായ നടത്തിപ്പിൽ ഓരോന്നും ആ തീരുമാനത്തിൽ എന്നെ ഉറപ്പിക്കുന്നതായിരുന്നു.

8. സ്നാനത്തിനു വേണ്ടി കർത്താവിന്റെ സന്നിധിയിൽ തിരുമനസ്സിലെ നടത്തിപ്പിനെ യാചിച്ചപ്രകാരം അതിന്റെ നിവൃത്തിക്ക് ഒരു തടസ്ഥവും വരാത്ത വിധത്തിൽ കർത്താവു നടത്തിപ്പുകളെ ക്രമപ്പെടുത്തിത്തന്നു. സ്വർഗ്ഗസ്ഥനായ എന്റെ ഏകരക്ഷിതാവായ നിത്യ മഹാദൈവം എന്നെ സ്നാനത്തോളം നടത്തിയതു സത്യമാണെങ്കിൽ (അതേ, അതു എന്നെന്നേക്കും സത്യം തന്നെ) ആ ഒരു സ്നാനത്തിന്റെ വേണ്ടിയും എന്നെ നടത്തി എന്നും ആ സത്യവുമാണ് ആ ദിവസം സ്നാനമേല്പാൻ സംഗതിയായതു് എന്നും ഞാൻ നിശ്ചയമായും അറിയുന്നു. ഇതാ ദൈവം സ്നാനത്തിനായി നടത്തിപ്പു നൽകിയിരിക്കുന്നു എന്നും ഈ അവസരത്തെ നഷ്ടമാക്കിക്കളയരുതു് എന്നു ഒരു ഉൾച്ചിന്തയും ബോധത്തിൽ കാണപ്പെട്ടതിനാൽ ദൈവമായ പിതാവിനെക്കുറിച്ചുള്ള മനോബോധത്തോടുകൂടെ ഞാൻ സ്നാനത്തിനു കീഴ്പ്പെട്ടു. നിശ്ചയമായും അതിൽ ഞാൻ തെറ്റിപ്പോയിട്ടില്ല.

9. സ്നാനപ്പെടുന്നതിനെപ്പറ്റി സഹോദരന്മാർ ദൈവസമക്ഷമായി അന്വേഷിച്ചുവന്നു സംസാരിച്ചപ്പോൾ യേശുവിന്റെ രൂപം എന്നിൽ പ്രകാശിച്ചിരുന്നതു ഞാൻ കണ്ടു. സ്വബോധത്തെ സഹോദരന്മാരോടു് അതിനെ പ്രസ്താവിച്ചപ്പോൾ എന്റെ ഹൃദയം നുറുങ്ങി കണ്ണുനീർ വന്നതായി ഞാൻ കണ്ടതിനാൽ വിനയത്തിന്റെ ആത്മാവിനാൽ ഞാൻ ഉത്സാഹിപ്പിക്കപ്പെട്ടു നിശ്ചയം. എന്നാൽ സ്നാനത്തിനായി പുറപ്പെട്ടപ്പോൾ ഉണ്ടായ വൈരാഗ്യഭാവം ചില സഹോദരന്മാർ * പെട്ടെന്നു് ഇറങ്ങിപ്പോയതു കാൺകയാലുണ്ടായതല്ലാതെ ദൈവാത്മാവിൽ നിന്നുണ്ടായതല്ലെന്നു ഞാൻ നിർണ്ണയിക്കുന്നു. (കർത്താവു പരമാർത്ഥം അറിയുന്നു)

10. സ്നാനത്തിന്റെ വിവരം അച്ഛനോടും മറ്റും പറയണമെന്നു് എനിക്കു ഒരു സമയം തോന്നി. ആകയാൽ അച്ഛനോടുള്ള യഥാർത്ഥമായ ഭക്തിയും എനിക്കു ലഭിച്ചിരുന്നില്ലെന്നു ഞാൻ നിശ്ചയമായറിയുന്നു. എന്നാൽ അതിനു സംഗതിയാകാതെ ഇതുവരെ ദൈവം നടത്തിയതായി ഞാൻ അറിയുന്നു. പിന്നെ പലരെയും ക്ഷണിക്കണമെന്നു് എനിക്കുണ്ടായ ആലോചന നന്നല്ലെന്നു് ഒരു ദൃഷ്ടാന്തംമൂലം കാൺകയും സംഗതിയുടെ സമാധാനത്തെ വാസ്തവത്തിൽ അനുഭവിക്കത്തില്ലെന്നു് ഒരു ആലോചന എന്റെ അറിവിനെ പ്രകാശിപ്പിച്ചതായും ഞാൻ കണ്ടു.

(തുടരും)

* വായനയോഗത്തിൽപ്പെട്ട ചില ആളുകളെയാണ് ഇവിടെ സഹോദരന്മാർ എന്നു വിളിക്കുന്നതു്.